**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2116** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയ നടത്തിയ അക്രമ സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2023 ജനുവരി 1 മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിൽ ലഹരി ഉപയോഗം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 01.01.2023 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവുമായി (NDPS Cases) ബന്ധപ്പെട്ട് 34,540 കേസുകളും ലഹരി പദാർത്ഥങ്ങളുടെ വിപണനവുമായി (NDPS Cases) ബന്ധപ്പെട്ട് 6,991 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ ലഹരി മാഫിയ നടത്തിയ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത കാലയളവിൽ ലഹരി മാഫിയ നടത്തിയ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കേസുകളൊന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ 01.01.2023 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ ലഹരി വിപണനം നടത്തുന്നവരും ലഹരി ഉപയോഗിക്കുന്നവർ സംഘം ചേർന്നും നടത്തിയ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് ഒൻപത് കേസുകൾ (കൊല്ലം - 01, ആലപ്പുഴ - 07, കോഴിക്കോട് - 01) രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ലഹരി മാഫിയകളുടെ അക്രമങ്ങളെ തുടർന്ന് 2022 ജനുവരി 1 മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | 2022 ജനുവരി 1 മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ലഹരി മാഫിയകളുടെ അക്രമങ്ങളെ തുടർന്നുള്ള കൊലപാതക കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

| (എ) | സംസ്ഥാനത്ത് 2023 ജനുവരി 1 മുതൽ 2024 മേയ് 31 വരെയുള്ള കാലയളവിൽ ലഹരി ഉപയോഗം വിപണനം എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം (NDPS ACT CASES) | | |
|---|---|---|---|
| DIST | ആകെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ലഹരി (NDPS ACT CASES) ഉപയോഗിച്ചവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ലഹരി (NDPS ACT CASES) വിപണനം നടത്തിയവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
| TVM C | 1192 | 1046 | 146 |
| TVM R | 1704 | 1413 | 291 |
| KLM C | 876 | 634 | 242 |
| KLM R | 707 | 507 | 200 |
| PTA | 291 | 203 | 88 |
| ALP | 2171 | 1509 | 662 |
| KTM | 1315 | 894 | 421 |
| IDK | 1110 | 933 | 177 |
| EKM C | 6436 | 4528 | 1908 |
| EKM R | 2131 | 1663 | 468 |
| TSR C | 1289 | 1125 | 164 |
| TSR R | 1537 | 1380 | 157 |
| PKD | 2515 | 2356 | 159 |
| MLP | 5906 | 5120 | 786 |
| KKD C | 4003 | 3847 | 156 |
| KKD R | 1382 | 1221 | 161 |
| WAY | 2146 | 1878 | 268 |
| KNR C | 1694 | 1562 | 132 |
| KNR R | 1140 | 951 | 189 |
| KSD | 1824 | 1702 | 122 |
| RLYS | 162 | 68 | 94 |
| **TOTAL** | 41531 | 34540 | 6991 |

സെക്ഷൻ ഓഫീസർ